**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3738 20/07/2015 ൽ മറുപടിയ്ക്ക്**

**പാഠപുസ്തക അച്ചടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ.ബി.ഡി ദേവസ്സി<br>ശ്രീ.പി.ടി.എ.റഹിം<br>ശ്രീ. സാജുപോൾ | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഈ അദ്ധ്യയന വർഷത്തേക്ക് ആവശ്യമായ മുഴുവൻ പാഠപുസ്തകങ്ങളും സർക്കാർ സ്ഥാപനങ്ങളിൽ അച്ചടിക്കുന്നതിന് നേരത്തെ തന്നെ തീരുമാനം എടുത്തിരുന്നോ; ഇല്ലെങ്കിൽ എന്ത് കൊണ്ടെന്ന് വ്യക്തമാക്കുമോ<br><br>ബി) പാഠപുസ്തക അച്ചടിക്കായി ടെണ്ടർ നൽകിയ ഓരോ സ്വകാര്യ കമ്പനിയും ക്വാട്ട് ചെയ്ത നിരക്ക് എത്രയെന്ന് വ്യക്തമാക്കാമോ;<br><br>സി) പിന്നീട് സ്വകാര്യ സ്ഥാപനങ്ങളെ അച്ചടിയിൽ നിന്നും ഒഴിവാക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;<br><br>ഡി) കെ.ബി.പി.എസി ന് അച്ചടി നടത്തുന്നതിന് ഉത്തരവ് നല്കിയതെന്നാണെന്ന് വ്യക്തമാക്കാമോ? | എ) പാഠപുസ്തകം അച്ചടിക്കുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള കെ.ബി.പി.എസ് എന്ന സ്ഥാപനത്തെയാണ് ഏല്പിച്ചിരിക്കുന്നത്. എന്നാൽ പിന്നീട് കുറച്ച് പുസ്തകങ്ങൾ അച്ചടിക്കുന്നതിന് സർക്കാർ പ്രസ്സുകളെയും ഏൽപ്പിച്ചിരുന്നെങ്കിലും നിർദ്ദിഷ്ട തിയതിക്കകം അച്ചടി പൂർത്തീകരിക്കാൻ കഴിയാതിരുന്നതിനാൽ സ്വകാര്യ കമ്പനി മുഖേന അച്ചടിക്കുന്നതിന് മന്ത്രിസഭയുടെ അനുമതിയോടെ തീരുമാനമെടുത്തിരുന്നു. എങ്കിലും പിന്നീട് കെ.ബി.പി.എസ് തന്നെ അച്ചടി പൂർത്തീകരിച്ച് നൽകാമെന്ന് ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ കെ.ബി.പി.എസ് മുഖേനയാണ് അച്ചടി പൂർത്തീകരിച്ചത്. ജൂലായ് 20 ഓടെ അച്ചടി പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ